പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2558 **28-10-2026-ൽ മറുപടിയ്ക്ക്**

ആദ്യകാല പഠനകേന്ദ്രങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. ജെ. വിനോദ്
ശ്രീ. എ. ഡി. തോമസ്
ശ്രീമതി രമ്യ ഹരിദാസ്
ശ്രീ. സന്ദീപ് വാര്യർ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പ്രാരംഭ വിദ്യാഭ്യാസവും ബൗദ്ധികവും സാമൂഹികവുമായ വികാസവും ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ മുപ്പത് പുതിയ ആദ്യകാല പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കുമോ;

മറുപടി: സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പ്രാരംഭവിദ്യാഭ്യാസവും ബൗദ്ധികവും സാമൂഹികവുമായ സമഗ്ര വികാസം ലക്ഷ്യമാക്കി, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടു കൂടി 30 പുതിയ പ്രീ സ്കൂളുകൾ (ഏർലി ലേർണിംഗ് സെന്ററുകൾ) ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായിഎന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവ ഏത് പ്രദേശങ്ങളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; ആദിവാസി മേഖലയിലെ കുട്ടികൾക്ക് ഗുണമേന്മയുള്ള പ്രാരംഭ വിദ്യാഭ്യാസം, പോഷകാഹാരം, കളികളിലൂടെയുള്ള പഠനം എന്നിവ ഉറപ്പാക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾ സഹായകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഏർലി ലേർണിംഗ് സെന്ററുകളുടെ ശാസ്ത്രീയവും മികവുറ്റതുമായ നടത്തിപ്പിനായി താഴെ പറയുന്ന പ്രാരംഭനടപടികൾ വകുപ്പിൽ സ്വീകരിച്ചു വരുന്നു.

1. പ്രാരംഭ നടപടികൾ & പാഠ്യപദ്ധതി : ഗോത്രവർഗ്ഗ കുട്ടികളുടെ സവിശേഷമായ പശ്ചാത്തലവും ഭാഷാപരമായ പ്രത്യേകതകളും കണക്കിലെടുത്ത് ശിശുകേന്ദ്രീകൃതവും കളിയിലൂടെയുള്ളതുമായ സമഗ്ര പാഠ്യപദ്ധതി തയ്യാറാക്കുന്നതിനായി ഡോ. വിനീഷ് ടി.വി ചെയർമാനായുള്ള വിദഗ്ധ പാഠ്യപദ്ധതി സമിതി രൂപീകരിക്കുകയും, സമിതി യോഗങ്ങൾ ചേർന്ന് പാഠ്യപദ്ധതിക്ക് അന്തിമരൂപം നൽകി വരികയും ചെയ്യുന്നു.

2. കേന്ദ്രങ്ങൾ ആരംഭിക്കുന്ന പ്രദേശങ്ങൾ : കുട്ടികൾക്ക് സുരക്ഷിതമായി എത്തിച്ചേരാൻ കഴിയുന്നതും പ്രാഥമിക ഭൗതിക സൗകര്യങ്ങളുള്ളതുമായ 30 പട്ടികവർഗ്ഗ ഉന്നതികൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. വകുപ്പുതല വിലയിരുത്തൽ : കുട്ടികൾക്ക് ഭാവിയിലെ സ്കൂൾ വിദ്യാഭ്യാസത്തിന് ആവശ്യമായ അടിസ്ഥാന സാക്ഷരതയും സംഖ്യാബോധവും ഉറപ്പാക്കുന്നതിനും, കളിചിരികളിലൂടെ ഭയരഹിതമായ പഠനാന്തരീക്ഷം ഒരുക്കുന്നതിനും, സർക്കാരിന്റെ പോഷണ മാനദണ്ഡങ്ങൾക്കും ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾക്കും അനുസൃതമായി സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പാക്കുന്നതിനും ഈ കേന്ദ്രങ്ങൾ അത്യന്തം സഹായകരമാകുമെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ അധ്യാപകരെയും പരിചരണ ജീവനക്കാരെയും നിയമിക്കുന്നതിനും പഠനസാമഗ്രികൾ, കളിയുപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

<u>മറുപടി:</u> നടപടി സ്വീകരിച്ചു വരുന്നു.

1. ജീവനക്കാരുടെ നിയമനം : ഓരോ ആദ്യകാല പഠനകേന്ദ്രത്തിന്റെയും (ഏർലി ലേർണിംഗ് സെന്ററുകൾ) സുഗമമായ ദൈനംദിന പ്രവർത്തനങ്ങൾക്കായി പ്രീ-പ്രൈമറി അധ്യാപനത്തിൽ യോഗ്യതയുള്ള ഒരു അധ്യാപികയെയും കുട്ടികളുടെ ശുചിത്വവും പരിചരണവും ഉറപ്പാക്കാൻ ഒരു ആയയെയും പ്രാദേശികമായി നിയമിക്കുന്നതാണ്.

2. പഠനസാമഗ്രികളും ഉപകരണങ്ങളും : കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ആകർഷകമായ കളിയുപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, ചിത്രപുസ്തകങ്ങൾ, പഠനോപകരണങ്ങൾ, പോഷകാഹാരം തയ്യാറാക്കുന്നതിനുള്ള അടുക്കള പാത്രങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. അടിസ്ഥാന സൗകര്യ വികസനവും നവീകരണവും: കെട്ടിടങ്ങളിൽ ശുചിമുറി, അടുക്കള, കുടിവെള്ളം തുടങ്ങിയ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള പ്രൊപ്പോസലുകൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ വിനിയോഗിക്കാൻ ജില്ലാ ഓഫീസുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ തുക കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയോ, ടൈബൽ സബ് പ്ലാൻ (TSP)-ൽ നിന്നോ കണ്ടെത്തുന്നതാണ്.

(ഡി) മുപ്പത് പഠനകേന്ദ്രങ്ങളും സമയബന്ധിതമായി പ്രവർത്തനസജ്ജമാക്കുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിലെ കൂടുതൽ കുട്ടികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> സ്വീകരിച്ചിട്ടുണ്ട്. 30 പഠനകേന്ദ്രങ്ങളും സജ്ജീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര ഏകോപന നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. പാഠ്യപദ്ധതി സമിതിയുടെ അക്കാദമിക പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ